(ബി& സി) ഉണ്ട്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ ഗ്രാമസഭ ചേരാൻ അനുവദിക്കാത്തതു സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് A.E.O.-യ്ക്ക് പരാതി നൽകുകയും സ്കൂൾ ഹെഡ്മിസ്ട്രസ് A.E.O യ്ക്ക് വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ അനുമതിയില്ലാതെ സ്കൂൾ കെട്ടിടത്തിൽ ഗ്രാമസഭ നടത്തിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ എതിർകക്ഷിയായി ചേർത്തുകൊണ്ട് WP(C)2320/14 ആയി സ്കൂൾ മാനേജർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ശരണാലയങ്ങളിലെ അരക്ഷിതാവസ്ഥയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും

3436 ശ്രീമതി കെ. എസ്. സലീഖ : താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ശിശു/മാതാവ്/വൃദ്ധ ജനങ്ങൾ /മറ്റ് അശരണർ എന്നിവരെ സംരക്ഷിക്കാനായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സ്ഥാപനങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുയെന്നും എന്തെല്ലാം വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധജനപീഡനം, സ്ത്രീപീഡനം, കുട്ടികളുടെ മേലുള്ള മറ്റ് അപകടകരമായ പ്രവൃത്തികൾ, പണാപഹരണം എന്നിവ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സാമൂഹ്യനീതി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആതുരാലയങ്ങളുടെ മറവിൽ നടക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ തടയാനും അന്തേവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും അടിയന്തര നിയമനിർമ്മാണം നടത്തുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ നിലവിൽ വന്ന ശേഷം രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

Sl.No.	District	Orphan age	Old age Home	Women in distress	Differently abled
1	Thiruvananthapuram	99	45	2	13
2	Kollam	53	17	1	7
3	Pathanamthitta	43	25	1	10
4	Alappuzha	39	25	3	11
5	Kottayam	105	81	2	36
6	Idukki	65	27	1	15
7	Ernakulam	168	112	12	32
8	Thrissur	128	71	6	33
9	Palakkad	96	22		11
10	Malappuram	107	6		
11	Kozhikkode	72	20	2	4
12	Wayanad	45	20	1	7
13	Kannur	83	38	2	13
14	Kasargod	38	9		1
	Total	1141	518	33	193

(ബി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ഗ്രാന്റ് ഇൻ-എയ്ഡ് ലിസ്റ്റിൽപ്പെട്ട ഇത്തരം സ്ഥാപനങ്ങൾക്ക് പ്രതിമാസം 700 രൂപ നിരക്കിൽ അന്തേവാസി ഒന്നിന് സർക്കാർ ഗ്രാന്റ് നൽകുന്നു. കൂടാതെ ബി പി എൽ നിരക്കിൽ അരി, പഞ്ചസാര, ഗോതമ്പ് എന്നിവയും ഗാർഹിക നിരക്കിൽ വെള്ളവും, വൈദ്യുതിയും, സബ്സിഡി നിരക്കിൽ 9 എൽ.പി.ജി.-യും നൽകി വരുന്നു. കൂടാതെ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഏകോപിപ്പിച്ച് പ്രതിമാസം സൗജന്യ ആരോഗ്യ പരിശോധന നടത്തുന്നതിനും ഉത്തരവ് ഉണ്ട്. ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും വർഷംതോറും പരിശോധിച്ചതിനുശേഷമാണ് ഗ്രാന്റ് നൽകി വരുന്നത്. കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി ലഭിക്കുന്ന വിദേശ സഹായവും കൂടി പരിഗണിച്ചാണ് ഗ്രാന്റിന് അർഹത നിർണ്ണയിക്കുന്നത്.

(സി) 31-01-2013 ൽ കേരള പോലീസ് ചീഫ്, സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 2011 മുതൽ ഓർഫനേജുകളിലെ കുട്ടികൾക്കെതിരെയുള്ള 5 ലൈംഗിക പീഡന കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു:

പാലക്കാട് - 4 കേസുകൾ

കണ്ണൂർ - 1 കേസ്

(ഡി) അനാഥാലയങ്ങളുടേയും മറ്റ് ധർമ്മ സ്ഥാപനങ്ങളുടേയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാനത്ത് ബഹു. മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും അതാത് ജില്ലകളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചു വരുന്നു. അനാഥാലയങ്ങളേയും മറ്റ് ധർമ്മ സ്ഥാപനങ്ങളേയും സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ എല്ലാ മാസവും ഓർഫനേജ് കൺട്രോൾ ബോർഡ് യോഗം ചേർന്ന് വിലയിരുത്തുകയും ആവശ്യമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ 1-3-2013- ലെ Crl, AS 1951 &2196/09-ാം നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ വിശദമായ സർക്കുലർ 8-5-2013-ലെ OCB 2/1/13-ാം നമ്പർ സർക്കുലർ പ്രകാരം ബന്ധപ്പെട്ട സാമൂഹ്യനീതി ഓഫീസർ മുഖേന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ 10-5-2013 ലെ WP(C) No. 75/2012-ാം നമ്പർ ഉത്തരവ് പ്രകാരം അനാഥാലയങ്ങളിലെ കുഞ്ഞുങ്ങളുടെ പ്രവേശനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 26-10-2013 ലെ OCB 1/17257/13-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്ഥാപനങ്ങളേയും ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ മുഖേന അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1-5-2011 മുതൽ 4-12-2013 വരെ അംഗികാരം നൽകിയ സ്ഥാപനങ്ങൾ

ക്രമ നമ്പർ	ജില്ല	ശിശു മന്ദിരം	സ്ത്രീ ഭവനം	വൃദ്ധ മന്ദിരം	മറ്റുള്ളവ
1	തിരുവനന്തപുരം	20	2	10	7
2	കൊല്ലം	7	1	3	1
3	പത്തനംതിട്ട	9	0	5	6
4	ആലപ്പുഴ	2	1	4	5
5	കോട്ടയം	5	3	7	15
6	ഇടുക്കി	10	2	4	7
7	എറണാകുളം	33	10	20	11
8	തൃശ്ശൂർ	24	7	23	17
9	പാലക്കാട്	13	-	10	6
10	മലപ്പുറം	12	-	4	3
11	കോഴിക്കോട്	13	2	8	-
12	വയനാട്	5	2	4	2
13	കണ്ണൂർ	10	3	7	6
14	കാസർഗോഡ്	6	-	2	1
	ആകെ	169	33	111	87

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യാപക ജന പ്രതിനിധികൾ

3407 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെക്കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര എയിഡഡ് സ്കൂൾ അധ്യാപകർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 317.

LIBRARY ARCHIVES Kerala Legislative Assembly